/101161/2023

**കാർഷിക വികസന കർഷക ക്ഷേമ** വകുപ്പ് ഡയറക്ടറുടെ  നടപടിക്രമം

**കാർഷിക വികസന കർഷക ക്ഷേമ** വകുപ്പ് **ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**

**(ഹാജർ : അഞ്ജു.കെ.എസ് ഐ എ എസ്.)**

വിഷയം:- കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - ജീവനക്കാര്യം - കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സെലക്ഷൻ ഗ്രേഡ്, സീനിയർ ഗ്രേഡ്, ഗ്രേഡ് I) അനുപാത സ്ഥാനക്കയറ്റം അനുവദിച്ച് - ഉത്തരവാകുന്നു -

പരാമർശം :-
1) 03/02/2023 ലെ ADFW/874/2023- SA(3) നമ്പർ ഉത്തരവ്.
2) 08.08.2011-ലെ എസ്.എ. (2) 16398/ 2011 നമ്പർ ഉത്തരവ്.
3) 28.03.2016-ലെ എസ്.എ.(3) 11402/ 2014 നമ്പർ ഉത്തരവ്.
4) 22.11.2019-ലെ എസ്.എ.(3) 37815/ 2019 നമ്പർ ഉത്തരവ്.
5) ജി.ഒ.(പി) നമ്പർ 27/ 2021/ ഫിൻ. തീയതി 10.02.2021.

**ഉത്തരവ് നമ്പർ ADFW/4339/2023-SA3 തീയതി . 03-06-2023**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.ഗിരിജ ദേവി.എൽ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സെലക്ഷൻ ഗ്രേഡ്) ന് പരാമർശം (1) ഉത്തരവ് പ്രകാരം 01/02/2023 മുതൽ 31/03/2023 വരെ 59 ദിവസത്തെ എൽ.പി.ആർ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അപ്രകാരം നിലവിൽ വന്ന കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ് തസ്തികയിലെ ഒഴിവിലേയ്ക്ക് പരാമർശം (2) മുൻഗണനാ പട്ടികയിലെ **ക്രമ നമ്പർ 7 ആയ , ഈ കാര്യാലയത്തിലെ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി.സെൽവി. റ്റി യ്ക്ക് 55200-115300 രൂപ ശമ്പള സ്കെയിലിൽ 01/02/2023 തീയതി പ്രാബല്യത്തിൽ *സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി* സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.** ടിയാൾ പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ ഒരു വർഷത്തിനുള്ളിൽ 6 മാസത്തെ പരിവീക്ഷാകാലം പൂർത്തീകരിക്കേണ്ടതാണ്.

ശ്രീമതി. സെൽവി.റ്റി യ്ക്ക് സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയതിനെ തുടർന്ന് നിലവിൽവന്ന ഒഴിവിലേയ്ക്ക് **പരാമർശം (3) മുൻഗണനാ പട്ടികയിലെ ക്രമ നമ്പർ 5 ആയ , മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (ഗ്രേഡ് I), ശ്രീ. പ്രവീൺ.കെ,യ്ക്ക് 01.02.2023 തീയതി പ്രാബല്യത്തിൽ 43400-91200 രൂപാ ശമ്പളസ്കെയിലിൽ *സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി* സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.**

ശ്രീ.പ്രവീൺ.കെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിൽ നിന്നും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സീനിയർ ഗ്രേഡ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ചതിനെ തുടർന്ന് നിലവിൽവന്ന ഒഴിവിലേയ്ക്ക് പരാമർശം (4) പ്രകാരമുള്ള മുൻഗണനാ പട്ടികയിലെ (ക്രമ നമ്പർ 12) **ശ്രീമതി. രഞ്ജിനി നാരായണൻ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (ആർ.എ.റ്റി.റ്റി.സി, കോഴ, കോട്ടയം)-നെ 01.02.2023 തീയതി പ്രാബല്യത്തിൽപൂർവാഹ്നം മുതൽ 39300-83000 രൂപ ശമ്പളസ്കെയിലിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്** ഗ്രേഡ് **I തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.**

ഈ ഉത്തരവിൻ പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് പരാമർശം (5) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി ശമ്പള നിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ഗസറ്റഡ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചവരുടെ സേവനപുസ്തകം, ഗസറ്റഡ് എൻറ്റൈറ്റിൽമെന്റ് രജിസ്റ്റർ, ആർ.റ്റി.സി., എൽ.പി.സി. തുടങ്ങിയ ആവശ്യരേഖകൾ അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്. ഉത്തരവ്

സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥന്മാർ നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയത്തിൽ തുടരാവുന്നതാണ്.

ANJU K S IAS
DIRECTOR

സ്വീകർത്താവ്

1) ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണാധികാരി മുഖേന)

2) അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)

<u>പകർപ്പ്</u>

(1) പ്രിൻസിപ്പൽ കൃഷി ഓഫീസർ, മലപ്പുറം

(2) കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ആർ.എ.റ്റി.റ്റി.സി, കോഴ, കോട്ടയം

(3) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.യ്ക്ക്.

(4) ഐ.റ്റി. ഡിവിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

(5) കരുതൽ ഫയൽ / അധികം.

JUNIOR SUPERINTENDENT
Directorate of Agriculture
Development and Farmers Welfare Dept.
Vikas Bhavan
Thiruvananthapuram - 33